# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4065

## 12-11-2019 ൽ മറുപടിക്ക്

## കിഫ്ബിയുടെ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ധനസഹായത്തോടെ ആരംഭിച്ച അമരവിള-ഒറ്റശേഖരമംഗലം റോഡ്, മലയോര ഹൈവേ ഒന്നാംറീച്ച് എന്നീ പ്രവൃത്തികൾ താൽകാലികമായി നിർത്തിവച്ചിരിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ; | അമരവിള-ഒറ്റശേഖരമംഗലം റോഡ്, മലയോര ഹൈവേ ഒന്നാംറീച്ച് എന്നീ പ്രവൃത്തികൾ കിഫ്ബിയുടെ നിർദ്ദേശാനുസരണം , പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് താൽകാലികമായി നിർത്തിവച്ചിട്ടുണ്ട്. ആയതിനുള്ള കാരണം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഓരോ പ്രദേശത്തിന്റേയും ഭൂപരമായ സവിശേഷതകൾ പരിഗണിക്കാതെ പ്രവൃത്തികൾക്കായി കിഫ്ബി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രവൃത്തിയുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്നതിനാൽ ഇത് പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ; | സർക്കാർ പ്രഖ്യാപിക്കുന്ന കിഫ്ബി പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് (സാമൂഹികവും സാങ്കേതികവുമായ അവലോകനത്തിന് ശേഷം) കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കി ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസികൾ കിഫ്ബിയിൽ സമർപ്പിക്കുന്നു. അവ പരിശോധിച്ച് തൃപ്തികരമാണെങ്കിൽ കിഫ്ബി അംഗീകാരം നൽകുന്നു. കിഫ്ബി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കാരണം പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തര പ്രാധാന്യത്തോടെ പുനരാരംഭിച്ച്, പൂർത്തിയാക്കി ഗ്രാമീണ മലയോര മേഖലയായ ഇവിടുത്തെ യാത്രാക്ലേശം പരിഹരിച്ച് നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | അമരവിള-ഒറ്റശേഖരമംഗലം റോഡ് പ്രവൃത്തി 35% പൂർത്തീകരിച്ചിട്ടുണ്ട്. DBM-BC പ്രവൃത്തികൾ 50% പൂർത്തിയായി. സംരക്ഷണ ഭിത്തികളുടെയും, ഓടകളുടെയും കൾവർട്ടുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു. DBM-BC പ്രവൃത്തികളുടെ ബാക്കിയും മറ്റ് അനുബന്ധ നിർമ്മാണങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്. മലയോര ഹൈവേ പ്രവൃത്തി 2600 മീറ്റർ ദൂരത്തിൽ ഓടനിർമ്മാണം പൂർത്തീകരിച്ചു. 6 ഭാഗങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സൗജന്യമായി ഭൂമി |

| | |
|---|---|
| (ഡി) പ്രസ്തുത പ്രവൃത്തികൾ എത്രകാലം കൊണ്ട് പൂർത്തിയാക്കാനാകും, ഓരോ പ്രവൃത്തിയിലും ഇനി എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കേണ്ടത്, ആയതിലേക്കായി എത്ര സമയം എടുക്കും എന്നീ വിശദാംശങ്ങൾ അറിയിക്കാമോ? | വിട്ടുനൽകിയ 96 സ്ഥലങ്ങളിൽ ചുറ്റു മതിൽ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കി ഓടകളുടെയും സംരക്ഷണഭിത്തിയുടെയും DBM-BC ഉൾപ്പെടെയുള്ള പ്രവൃത്തികളും പൂർത്തിയാക്കാനുണ്ട്.<br>അമരവിള-ഒറ്റശേഖരമംഗലം റോഡ് പ്രവൃത്തിയുടെ സ്റ്റോപ്പ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന ഒബ്സർവേഷന് 22.10.2019 നും, മലയോര ഹൈവേ പ്രവൃത്തിയുടെ ഒബ്സർവേഷന് 17.10.2019 നും മറുപടി ലഭ്യമായിട്ടുണ്ട്. എന്നാൽ വർക്ക് പുനരാരംഭിക്കുന്നതിന് വിശദമായ ഒരു കർമ്മപദ്ധതി എസ് പി വി നൽകേണ്ടതായിട്ടുണ്ട്. എല്ലാ അപാകതകളും പരിഹരിച്ച ശേഷം തെളിവുകളോടു കൂടി ഒരു "കംപ്ലിയൻസ് റിപ്പോർട്ട്" ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കേണ്ടതാണ്. കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി പരിശോധന നടത്തി എല്ലാവിധ ന്യൂനതകളും പരിഹരിച്ചു എന്ന് ഉറപ്പു വരുത്തിയ ശേഷം നിർത്തിവെച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ടവരുമായി കിഫ്ബി അധികൃതർ ഇക്കാര്യത്തിൽ വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിക്ഷേപത്തിന് സമ്പൂർണ്ണ പ്രയോജനം ലഭിക്കുന്നതിനു വേണ്ടി ഭരണവകുപ്പും, നിർവ്വഹണ ഏജൻസികളും ബഹു. ജനപ്രതിനിധികളും കൂട്ടായി നടത്തുന്ന ഒരു പ്രക്രിയയുടെ ഭാഗമാണ് ഇപ്പോഴത്തെ നടപടിയും. കൂടുതൽ ഗുണപ്രദമായ രീതിയിൽ പ്രവൃത്തികൾ താമസംവിനാ പൂർത്തീകരിക്കുക തന്നെയാണ് ഇതിന്റെ ലക്ഷ്യം. ഈ പ്രവൃത്തികളുടെ കാര്യത്തിലും ലക്ഷ്യം കൈവരിക്കാനാകും എന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. |

**ജോയിന്റ് സെക്രട്ടറി**

| Name of work | Reason for suspension |
| --- | --- |
| PWD004-75 Improvements to Amaravila - Ottasekharamangalam road in Thiruvanathapuram District | 1. Scarifying is not found to be carried out in the DBM laid area.<br>2. Proper cleaning was not carried out at site before laying the tack coat. The dust as well as the loose materials are not removed as stipulated in clause 503.4.2.of MoRTH Rev5<br>3. The temperature of the DBM mix at site is found to be less than the laying temperature of 120 degree C as stipulated under clause 11.5 of KIIFB guidelines for execution roads and highways.<br>4. The extra widening and super elevation is not followed for the curved areas as stipulated in clause 6.3.1 of the KIIFB guidelines on planning and design of roads and highways.<br>5. Project Execution Document is not prepared for the project and thickness of DBM layer is found to be less in most of the areas.<br>6. The underlying utilities such as KWA water line etc are not replaced before start of bituminous work.<br>7. Pavement top layer is totally undulated due to supervisory lapses and field engineers are not aware of MoRTH specifications.<br>8. Overall progress of the work is far below as compared to targeted . |
| PWD013-05 - Improvements to Hill Highway Kallikkadu to Parassala in Thiruvanathapuram District | 1. Initial levels are not yet recorded.<br>2. Project Execution Document is not yet prepared<br>3. Utility shifting has not been carried out at the site. The inter-departmental coordination seems to be very poor.<br>4. The design mix for M 25 grade concrete is not yet produced for inspection.<br>5. Source approval for materials used at site is not yet given by concerned engineer.<br>6. All required tests for reinforcement bars are not seen conducted.<br>7. Compound wall construction is carried out using a mixture of both dismantled bricks and new concrete solid blocks which cannot be measured separately.<br>8. The progress of the work is far below than targeted. |